**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1002** **29-06-2026-ൽ മറുപടിയ്ക്ക്**

**മുനമ്പം ഭൂമി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. ടി. എം. ശശി

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** മുനമ്പത്തെ 404.76 ഏക്കർ ഭൂമി വഖഫ് സ്വത്തായി രജിസ്റ്റർ ചെയ്യാൻ 2019 മെയ് മാസം ചേർന്ന വഖഫ് ബോർഡ് യോഗം തീരുമാനിച്ചിരുന്നോ; വിശദമാക്കാമോ;

**മറുപടി:** കേരള സ്റ്റേറ്റ് വഖഫ് ബോർഡ് മുമ്പാകെയുണ്ടായിരുന്ന ഇ.പി 685/2008-ാം നമ്പർ കേസിൽ 20.05.2019-ാം തീയതി ബോർഡ് പുറപ്പെടുവിച്ച ഉത്തരവിൽ മുഹമ്മദ് സിദ്ദീഖ് സേട്ട് വഖ്ഫ് (മുനമ്പം ഭൂമി) വഖ്ഫായി രജിസ്റ്റർ ചെയ്യുന്നതിന് ബോർഡ് തീരുമാനിച്ചിരുന്നു.ബോർഡ് മുമ്പാകെ ഇ.പി.685/2008 ആയി നടന്ന കേസിൽ വിചാരണ നടത്തി പ്രസ്തുത കേസിൽ കോടതി അലക്ഷ്യ നടപടികൾ വരികയും ചെയ്തതിന് ശേഷമാണ് മുഹമ്മദ് സിദ്ദിഖ് സേട്ട് വഖ്ഫ് 9980/ആർ.എ നമ്പരായി ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്.

**(ബി)** മുനമ്പം ഭൂമി വഖഫ് അല്ലെന്ന് വ്യക്തമാക്കി ഫാറൂഖ് കോളേജ് മാനേജ്മെന്റ് കോടതിയിൽ നൽകിയ സത്യവാങ്മൂലം നിലനിൽക്കെയാണോ ബോർഡ് മേൽപ്രകാരം തീരുമാനിച്ചത്; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

**മറുപടി:** മുനമ്പം ഭൂമി വഖ്ഫ് ആണെന്ന ബോർഡ് തീരുമാനം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് കണ്ടെത്തിയത്. ഫാറൂഖ് കോളേജ് ഇതേ വസ്തു വഖ്ഫാണെന്ന് അവകാശപ്പെട്ട് പറവൂർ കോടതിയിൽ ഒ.എസ് 53/1967-ാം നമ്പർ കേസിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടെന്ന് കാണുന്നു.

**(സി)** കേന്ദ്രസർക്കാർ നടപ്പാക്കിയ പുതിയ വഖഫ് ആക്ടിൽ വഖഫ് സ്വത്തുക്കൾ ഉമീദ് പോർട്ടലിൽ രജിസ്റ്റർ ചെയ്യണം എന്ന നിബന്ധനയുണ്ടോ; 2019 മെയ് മാസത്തിലെ തീരുമാനപ്രകാരം വഖഫ് സ്വത്താക്കിയ മുനമ്പം ഭൂമി ഉമീദ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**മറുപടി:** കേന്ദ്രസർക്കാർ 2025-ൽ കൊണ്ടുവന്ന പുതിയ വഖഫ് ഭേദഗതി നിയമപ്രകാരം (Unified Waqf Management, Empowerment, Efficiency and Development Act) വഖഫ് സ്വത്തുക്കൾ ഉമീദ് (UMEED) സെൻട്രൽ പോർട്ടലിൽ രജിസ്റ്റർ ചെയ്യണമെന്നത് നിർബന്ധമാക്കിയിട്ടുണ്ട്. അതിൻ പ്രകാരം

മുനമ്പത്തെ 404.76 ഏക്കർ ഭൂമിയുൾപ്പെടെയുള്ള വഖഫ് സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉമീദ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**